# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 41 06.02.2013 -ലെ മറുപടി

### കെ.എസ്.ആർ.ടി.സി. നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

**ചോദ്യം**

ശ്രീ. ഇ. കെ. വിജയൻ:
" മുല്ലക്കര രത്നാകരൻ :
ശ്രീമതി : ഗീതാ ഗോപി :
ശ്രീ. ഇ. ചന്ദ്രശേഖരൻ :

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡീസൽ വിലവർദ്ധനവിനെത്തുടർന്ന് പ്രതിദിനം എത്ര തുക അധികമായി കെ.എസ്.ആർ.ടി.സി.-യ്ക്ക് ചെലവാകുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) | പ്രതിദിനം 47 ലക്ഷം രൂപ കെ.എസ്.ആർ.ടി.സി. യ്ക്ക് അധിക ചെലവ് വരുന്നുണ്ട്. |
| (ബി) | പ്രതിദിനം എത്ര ലിറ്റർ ഡീസൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് ആവശ്യമുണ്ട്; പ്രതിദിനം എത്ര കിലോമീറ്റർ സർവ്വീസ് നടത്തുന്നുണ്ട് ; | (ബി) | 4.1 ലക്ഷം ലിറ്റർ ഡീസലാണ് കെ.എസ്.ആർ.ടി.സിയുടെ ശരാശരി പ്രതിദിന ഉപഭോഗം. പ്രതിദിനം, ശരാശരി 15.4 ലക്ഷം കിലോമീറ്റർ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി.-യ്ക്ക് പ്രതിദിനം ഉണ്ടായിക്കൊണ്ടിരുന്ന നഷ്ടം എത്ര തുകയാണ്; ഡീസൽ വിലവർദ്ധനവിനെ തുടർന്ന് ഇപ്പോഴുള്ള പ്രതിദിന നഷ്ടം എത്രയാണ് ; | (സി) | പ്രതിദിന വരവും-ചെലവും തമ്മിലുള്ള അന്തരം 2.5 കോടി രൂപയാണ്. ഡീസൽ വില വർദ്ധനവിനെ തുടർന്ന് ഇപ്പോഴുള്ള പ്രതിദിന നഷ്ടം 2.97 കോടി രൂപയാണ്. |

| | | | |
|---|---|---|---|
| (ഡി) | കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നുള്ളത് വസ്തുതയാണോ ; എങ്കിൽ ഏതെങ്കിലും തരത്തിലുള്ള സഹായം നൽകി കെ.എസ്.ആർ.ടി.സി.-യെ നിലനിറുത്തുന്നതിന് എന്തു നടപടികൾ എടുത്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) | കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. ഡീസൽ വിലവർദ്ധന താൽക്കാലികമായി പരിഹരിക്കുന്നതിന് സർക്കാർ രണ്ട് മാസത്തേക്ക് 28 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. കൂടാതെ 2012-13 സാമ്പത്തിക വർഷത്തിൽ ലോൺ ആയി 100 കോടി രൂപയും, സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി 50 കോടി രൂപയും , പ്ലാൻ ഫണ്ടിനത്തിൽ 57.07 കോടി രൂപയും സർക്കാർ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ